(ഡി) ആരോപണങ്ങൾ പ്രഥമദൃഷ്ട്യാ കഴമ്പുള്ളതാണെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നാൽ അന്വേഷിക്കാവുന്നതാണ്.

അംഗൻവാടികളുടെ നവീകരണം

105 [219] *ശ്രീ. ലൂഡി ലൂയിസ്:*

„ *എം. എ. കുട്ടപ്പൻ:*

„ *കെ. മുഹമ്മദാലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികൾ നവീകരിക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) അംഗൻവാടികളുടെ നവീകരണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിന് എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു;

(സി) അംഗൻവാടികളിൽ സംസ്ഥാനത്താകെ എത്ര ജീവനക്കാരുണ്ട്; ഇവരുടെ സേവന വേതന വ്യവസ്ഥകളെന്തെല്ലാമാണ്;

(ഡി) ഇതു പരിഷ്കരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. മോഡർനൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം (എം. ജി. പി.) അനുസരിച്ച് 1102 അംഗൻവാടികൾ നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 50 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം വകകൊള്ളിച്ചിട്ടുണ്ട്.

(ബി) എം. ജി. പി. പദ്ധതിയുടെ കാലയളവ് 2006 ജൂൺ മാസം വരെയാണ്. ടി കാലയളവിൽ അംഗൻവാടികളുടെ നവീകരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാമൂഹ്യക്ഷേമ വകുപ്പിലെ അംഗൻവാടികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ നവീകരണത്തിനായി സേവനപ്രദാന പദ്ധതി പ്രകാരം 20 കോടി രൂപ നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(സി) & (ഡി) 49,879 ജീവനക്കാരുണ്ട്. അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചു വരുന്ന നിർദ്ദേശങ്ങൾ അനുസരിച്ചാണ് സർക്കാർ നടപ്പിലാക്കിവരുന്നത്.

ചോദ്യകർത്താവ് എം. എൽ. എ. സ്ഥാനം രാജിവച്ചതിനാൽ 216-ാം നമ്പർ ചോദ്യം റദ്ദാക്കി.

LIBRARY ARCHIVES Kerala Legislative Assembly

അംഗൻവാടി ജീവനക്കാരുടെ നിലവിലുള്ള ഓണറേറിയം നിരക്ക് ചുവടെ ചേർക്കുന്നു:

വിഭാഗം	ഓണറേറിയം 16-5-1987 മുതൽ (കേന്ദ്ര വിഹിതം)	1-4-2002 മുതൽ പരിഷ്കരിച്ച വിഹിതം ഓണറേറിയം (കേന്ദ്ര വിഹിതം)	നിലവിലുള്ള സംസ്ഥാന വിഹിതം	ആകെ
അംഗൻവാടി വർക്കർ				
എ. 1. നോൺ മെട്രിക്കുലേറ്റ്	438	938	300	1238
2. നോൺ മെട്രിക്കുലേറ്റ് 5 വർഷം പരിചയം	469	969	300	1269
3. നോൺ മെട്രിക്കുലേറ്റ് 10 വർഷം പരിചയം	500	1000	300	1300
ബി. 1. മെട്രിക്കുലേറ്റ്	500	1000	300	1300
2. മെട്രിക്കുലേറ്റ് 5 വർഷം പ്രവൃത്തി പരിചയമുള്ളവർ	531	1031	300	1331
3. 10 വർഷം പ്രവൃത്തി പരിചയമുള്ളവർ	563	1063	300	1363
അംഗൻവാടി ഹെൽപ്പർ (സേവന ദൈർഘ്യം കണക്കാക്കാതെ)	260	500	300	300

ഇവരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറെ സർക്കാർ ഏകാംഗ കമ്മീഷനായി നിയമിക്കുകയുണ്ടായി. കമ്മീഷൻ, റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. 23 കോടിയോളം രൂപ പ്രതിവർഷം സർക്കാരിനു അധിക ബാധ്യത വരുന്ന നിർദ്ദേശങ്ങളാണ് ഏകാംഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly